# Govt. Higher Secondary School, Kunnakkavu

## Academic Master plan 2025-26

ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം അക്കാദമിക ആസൂത്രണം വർഷാവർഷങ്ങളിൽ എഴുതി തയ്യാറാക്കി സൂക്ഷിച്ചുവയ്ക്കേണ്ട കേവലം ഉൽപ്പന്നം എന്നതിൽ നിന്നും മാറി ഒരു ഉത്തമ സമൂഹ നിർമ്മിതിയുടെ തറക്കല്ലായി മാറേണ്ടതുണ്ട് ഓരോ വർഷവും നാം തയ്യാറാക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ നടത്തിപ്പും നേരിടുന്ന ബുദ്ധിമുട്ടുകളും വിശകലനം ചെയ്ത് അതിനെ മറികടന്ന് പുതിയൊരു അധ്യയന വർഷം എല്ലാ തരത്തിലും കുട്ടികൾക്ക് മികച്ച മുന്നേറ്റം ഉണ്ടാക്കിയെടുക്കേണ്ട ആവശ്യകത കണക്കിലെടുത്ത് അതിനുതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണമെന്ന് ഉത്തമ ബോധ്യം ഞങ്ങൾക്കുണ്ട് പുതിയകാലം നാലാം വ്യവസായിക വിപ്ലവത്തിന്റേത് കൂടിയാണ് .കേവലം കമ്പ്യൂട്ടർ പരിജ്ഞാനത്തിനും അപ്പുറം നിർമ്മിത ബുദ്ധിയുടെ അനന്തസാധ്യതകൾ തേടുന്ന പുതുതലമുറയ്ക്ക് ടെക്സ്റ്റ് ബുക്കും ചോക്കും ബോർഡും എന്നേ പഴങ്കഥയായി മാറി അതുകൊണ്ടുതന്നെ വിവരസാങ്കേതികവിദ്യ പുതിയ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലൂടെ അക്കാദമിക മേഖലയിൽ നമ്മൾ  നേരിടേണ്ട സങ്കീർണ്ണതകൾ നിരവധിയാണ് .

അക്കമിട്ട് നിരത്തിയാൽ ഈ മാസ്റ്റർ പ്ലാൻ നടപ്പിൽ വരുത്തേണ്ടത് ഇനി പറയുന്ന ലക്ഷ്യങ്ങളെ മുന്നിൽകണ്ടാണ് .

1.കഴിഞ്ഞവർഷം കുട്ടികളിൽ ഉണ്ടായ വൈജ്ഞാനിക വിടവും അക്കാദമിക വിടവും നികത്തൽ

2.ബന്ധങ്ങളിലെ ശൈഥില്യം നികത്തുന്നതിനോടൊപ്പം തന്നെ അമിതമായി പാശ്ചാത്യ സംസ്കാരത്തിന്റെ സ്വാംശീകരണ മൂലം കുട്ടികളിൽ അനാരോഗ്യകരമായ സൗഹൃദബന്ധങ്ങളിൽ ബന്ധങ്ങളുടെ ശരിയും തെറ്റും നിർണയിച്ച നേർവഴിക്ക് നയിക്കൽ.

3. മറന്നുപോയ ക്രിയാത്മക സർഗ്ഗാത്മകവാസനകളെ തിരിച്ചുപിടിക്കൽ
4.ശരിയായ ആരോഗ്യ ശീലങ്ങൾ വളർത്തിയെടുക്കൽ
5.മണ്ണിലേക്ക് പ്രകൃതിയിലേക്കും തിരിഞ്ഞു നോക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തൽ
6.മതേതര ജനാധിപത്യ സോഷ്യലിസ്റ്റ് റിപ്പബ്ലിക് ആശയങ്ങൾ ഊട്ടിയുറപ്പിക്കൽ .
7.മൊബൈൽ ഗെയിം ആസക്തിയിൽ നിന്ന് തിരികെ കൊണ്ടുവന്ന് പഠനം രസകരമായ അനുഭവമാക്കി മാറ്റൽ
8.പഠനത്തോടൊപ്പം തന്റെ കഴിവും അഭിരുചിയും മനസ്സിലാക്കി അനുയോജ്യമായ തൊഴിൽ മേഖലകൾ തിരഞ്ഞെടുക്കാനും അതുവഴി അവരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനും പ്രാപ്തരാക്കൽ.
9.പരിസ്ഥിതി സൗഹാർദമായ പ്രവർത്തനങ്ങളോട് ആഭിമുഖ്യം വളർത്തൽ
10.അക്ഷരക്കൂട്ടുകളുടെ മായാപ്രപഞ്ചം നഷ്ടപ്പെട്ടവരെ ആ ലോകത്തേക്ക് കൈപിടിച്ചു നടത്തൽ
11.വായന ലഹരിയാക്കി മാറ്റുന്ന പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകൽ
12. ലഹരിക്കടിമപ്പെട്ട കുട്ടികൾക്ക് അനുയോജ്യമായ കൗൺസിലിംഗിലൂടെ വിമുക്തി സാധ്യമാക്കൽ
13.ശാസ്ത്രസാങ്കേതിക വിദ്യയുടെ പുതിയ മേഖലകൾ തുറന്നുകാട്ടൽ

ഇങ്ങനെ വിവിധ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് പുതിയ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഇടം കണ്ടെത്തേണ്ടതുണ്ടായിരുന്നു. ഇതിനായി അധ്യാപകർ മാത്രമല്ല പരിചയസമ്പന്നരായ വിദ്യാഭ്യാസ സന്നദ്ധ സംഘടനകൾ ക്ലബ്ബുകൾ,തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ,ജനസേവകർ,പൂർവ്വ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പുതിയ തൊഴിൽ മേഖലകളിലെ കരുത്തുറ്റ പ്രതിഭകൾ എന്നിവരുടെ ഇടപെടലുകൾ കൂടി ഇടം നൽകുന്നതാണ് പുതിയ അക്കാദമിക മാസ്റ്റർ പ്ലാൻ .

14.മുകളിൽ പറഞ്ഞ ഉദ്ദേശ്യലക്ഷ്യങ്ങളെ ഫലപ്രാപ്തിയിൽ എത്തിക്കുന്ന തിനായി വിജയ് പദ്ധതിയുടെ ചുക്കാൻ പിടിച്ചു കഴിഞ്ഞ വർഷങ്ങളിൽ കുട്ടികളിൽ ഉണ്ടായ വൈജ്ഞാനിക വിടവ് നികത്താൻ സാധിക്കുന്നതാണ് .

15.Peer Group Learning ശക്തമാക്കി അക്ഷരലോകം എല്ലാവർക്കും സായത്തമാക്കാനുള്ള ശ്രമങ്ങൾ ഉണ്ടായിരിക്കും

16.ലൈബ്രറി ക്ലബ്ബിന്റെ തനതായ അക്ഷരക്കൂട്ട് വായനയുടെ പുതിയ ലോകം കുട്ടികളിലും സമൂഹത്തിലും എത്തിക്കാൻ സാധിക്കും എന്ന പ്രതീക്ഷയുണ്ട്

17.സയൻസ് പാർക്ക് ,എടിഎൽ എന്നിവയുടെ പ്രവർത്തനങ്ങൾ സിലബസിലൂന്നിയ പഠന നേട്ടങ്ങൾക്കപ്പുറം ശാസ്ത്രസാങ്കേതികവിദ്യയുടെ നൂതന പ്രവണതകളെ പഠിതാക്കളിലേക്ക് എത്തിക്കാൻ സാധിക്കും.

18. സമൂഹത്തെ കാർന്നു തിന്നുന്ന ലഹരിക്കെതിരെയുള്ള വക്താക്കളായി കുട്ടികളെ മാറ്റും എന്നതിൽ തർക്കമില്ല

19. പത്താം ക്ലാസ് കഴിയുന്നതിനോടൊപ്പം അഭിരുചി പരീക്ഷകൾ നടത്തി കുട്ടികൾക്ക് കരിയർ ഗൈഡൻസ് നൽകുന്നതാണ്

20.സ്വാതന്ത്ര്യ റിപ്പബ്ലിക് ദിനാഘോഷങ്ങൾ കേവലം അവധിദിനങ്ങളായിമാറുതിനപ്പുറം സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ റിപ്പബ്ലിക് മൂല്യങ്ങൾ ഉൾക്കൊള്ളുന്നതിനും ജനപങ്കാളിത്തത്തോടെ വിപുലമായ പരിപാടികൾ ചെയ്യേണ്ടതുണ്ട് .ഇതിനായി എസ് പി സി ,ജെ ആർ സി ,ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തേണ്ടതുണ്ട്.

21.KYC ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കുട്ടികളുടെ ഗൃഹ സന്ദർശനം നടപ്പിൽ വരുത്തണം. അതുവഴി പിന്നോക്കം നിൽക്കുന്നവർക്ക് താങ്ങും തണലും ആകാൻ കഴിയണം.

യഥാസമയങ്ങളിൽ യൂണിറ്റ് ടെസ്റ്റ് ,പിടിഎ മീറ്റിങ്ങുകൾ ,മാതൃ സംഗമം എന്നിവ നടത്തി കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തലും, ഒപ്പം

പിന്നോക്കം നിൽക്കുന്നവരെ മുൻനിരയിൽ എത്തിക്കാനും ഭൗതികപരമായി മുന്നിലുള്ളവരെ കൂടുതൽ മെച്ചപ്പെട്ട നിലവാരത്തിലേക്ക് ഉയർത്താനും സിലബസിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് തന്നെ സാധിക്കുമെന്ന് പ്രത്യാശയുണ്ട് .

23.വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടി കുട്ടികളുടെ സർഗാത്മകത ക്രിയാത്മകമാക്കാൻ സാധിക്കും .

24.പാരിസ്ഥിതിക ക്ലബ്ബ് ,ഹരിതസേന എന്നിവയുടെ പ്രവർത്തനം പ്രകൃതി സൗഹൃദ മനോഭാവം ഉണ്ടാക്കുന്ന രീതിയിൽ ചിട്ടപ്പെടുത്തുന്നതാണ് .

25.ഇടയ്ക്കിടെ അനുഭവസമ്പന്നരായ പ്രഗൽഭരുടെയും ,സ്കൂൾ കൗൺസിലറുടെയും സഹായത്താൽ മോട്ടിവേഷൻ ക്ലാസുകൾ സംഘടിപ്പിച്ചു കുട്ടികളുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്താൻ ശ്രദ്ധിക്കുന്നതായിരിക്കും .

പഠനം നാല് ചുവരുകൾക്കുള്ളിൽ നടക്കുന്ന കൃത്രിമ പ്രക്രിയയായി മാറാതെ ഉത്തമ സമൂഹ സൃഷ്ടിക്കുന്ന ഒരു ദീർഘദൂര പദ്ധതിയാണെന്ന് തിരിച്ചറിവ് ഉൾക്കൊണ്ട് അതിനുതകുന്ന എല്ലാ പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളും മാസ്റ്റർപ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്ന് വിശ്വാസത്തോടെ എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ഈ റിപ്പോർട്ട് ആദരപൂർവ്വം സമർപ്പിക്കുന്നു.

## സ്കൂൾ പ്രൊഫൈൽ - ജി.എച്ച്.എസ്.എസ് കുന്നക്കാവ്

| | | |
|---|---|---|
| സ്കൂളിന്റെ പേര് | - | ജി.എച്ച്.എസ്.എസ് കുന്നക്കാവ് |
| വിസ്തീർണം | - | 3 ഏക്കർ 25 സെന്റ് |
| വില്ലേജ് | - | ഏലംകുളം |
| പഞ്ചായത്ത് | - | ഏലംകുളം |
| സബ്ജില്ല | - | പെരിന്തൽമണ്ണ |
| വിദ്യാഭ്യാസ ജില്ല | - | മലപ്പുറം |
| ഹെഡ്മിസ്ട്രസ് | - | ജയ. കെ.കെ |
| പ്രിൻസിപ്പൽ | - | ശ്രീജിത്ത്. കെ |
| പി.ടി.എ പ്രസിഡന്റ് | - | ഇബ്രാഹിം. എം.ടി |
| പഠന ക്ലാസുകൾ | - | 5-12 |
| സ്കൂൾ കോഡ് | - | 18075 |
| സ്കൂൾകോഡ് (ഹയർസെക്കന്ററി) | - | 11014 |
| ഫോൺ നമ്പർ (ഹൈസ്കൂൾ) | - | 04933 230333 |
| ഫോൺ നമ്പർ (ഹയർസെക്കന്ററി) | - | 04933 230500 |

# നമ്മുടെ സ്കൂളിന്റെ ഇന്നലെകൾ

പ്രായത്തിൽ മുത്തശ്ശിയെങ്കിലും കർമ്മത്തിൽ യുവത്വം കൈവിടാതെ കുന്നക്കാവ് ഗവൺമെന്റ് എൽ.പി. സ്കൂൾ ഏകദേശം 110 വർഷത്തിലധികമായി ഒരു ഗ്രാമം മുഴുവൻ നെഞ്ചിലേറ്റിയ വിദ്യാലയം, സമൂഹത്തിലെ പല ഉന്നതരെയും സംഭാവന നൽകിയ വിദ്യാലയത്തെക്കുറിച്ച് ചില ഓർമ്മപ്പെടുത്തലുകൾ.

ഗ്രാമ ജീവിതത്തിന്റെ നിസ്വാർത്ഥവും നിഷ്കളങ്കവുമായ സേവന തല്പരതയുടെ സംസാരിക്കുന്ന തെളിവായി പുതുമനക്കാർ സൗജന്യമായി നൽകിയ ഭൂമിയിലാണ് സ്കൂൾ നിലനിൽക്കുന്നത്. ആദ്യകാല അധ്യാപകർ പാലത്തോൾ കൃഷ്ണൻനായർ, സി.കെ പങ്കുണ്ണിനായർ ഇട്ടീരി നായർ എന്നിവർ 1925-ൽ ഇവിടെ നിന്നും പടുഞ്ഞാറുമാറി പ്രവർത്തനമാരംഭിച്ച ബോർഡ് മാപ്പിള സ്കൂളുമായി 1953-1954 കാലവുമായി കൂട്ടിച്ചേർക്കപ്പെട്ടപ്പോൾ സെയ്താലിക്കുട്ടി, മൊയ്തീൻ, സി. അച്യുതനെഴുത്തച്ഛൻ, നാരായണനെഴുത്തച്ഛൻ, മലയങ്ങാട്ടിൽ കുഞ്ഞിഹസ്സൻ തുടങ്ങിയ അധ്യാപകരുടെ നേതൃത്വത്തിൽ ഈ സ്ഥാപനം പ്രശസ്തിയിലേക്ക് കുതിച്ചു.

170-നോടടുത്തായിരുന്നു അന്നത്തെ വിദ്യാർത്ഥി സമ്പത്ത് 1956-ൽ മലബാർ ഡിസ്ട്രിക് ബോർഡിന് കീഴിലെ യു.പി: സ്കൂളായി ഉയർത്തപ്പെട്ട വിദ്യാലയം കേരളപ്പിറവിക്ക് ശേഷം കുന്നക്കാവ് ഗവ. യു.പി സ്കൂളായി പ്രവർത്തനം തുടർന്നു. 1974 ൽ യു.പി സ്കൂൾ ഹൈസ്കൂളുമായി ഉയർത്തപ്പെട്ടു. 1998 ൽ ഹയർസെക്കണ്ടറി അനുവദിച്ചു കിട്ടുകയും ചെയ്തു. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ വിജയക്കൊയ്ത്ത് നടത്തി മുന്നേറുന്ന ഈ വിദ്യാലത്തിന്റെ മുന്നോട്ടുള്ള യാത്രയിൽ നാട്ടുകാരുടെയും അഭ്യുദയകാംക്ഷികളുടെയും സേവനം തുടർന്നും ലഭ്യമാവട്ടെ.

ചരിത്രപരമായി സമ്പന്നമായ ഒരു രാഷ്ട്രീയ സാംസ്കാരിക പൈതൃകം സ്വന്തമായുള്ള ഏലംകുളം ഗ്രാമപഞ്ചായത്തിലെ ഏക ഗവ. ഹയർസെക്കണ്ടറി സ്കൂൾ പുതിയ വികസന മേഖലയിലേക്കു കാലെടുത്തു വെക്കുകയാണ്. അക്കാദമിക വികസനത്തിൽ വളരെയേറെ മുന്നോട്ടു പോകേണ്ട ഈ അവസരത്തിൽ പുതുതായി ഒട്ടേറെ പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തു. ഈ വിദ്യാലയത്തിന്റെ അക്കാദമിക നിലവാരം അന്താരാഷ്ട്ര തലത്തിലേക്കു ഉയർത്തേണ്ടത് ഈ നാടിന്റെ അനിവാര്യതയാണ്. ശ്രീ. ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ ജന്മം കൊണ്ട് അനുഗ്രഹീതമായ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്കു വർണ്ണ ചിറകുകളേകാൻ നമുക്കൊന്നിച്ച് കൈകോർക്കാം.

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിലെ ഏലംകുളം ഗ്രാമപഞ്ചായത്തിലുള്ള ഏക ഗവ: ഹയർ സെക്കണ്ടറി സ്കൂളാണ് കുന്നക്കാവ് ഗവ: ഹയർ സെക്കണ്ടറി സ്കൂൾ. അഞ്ചാം ക്ലാസ്സു മുതൽ പ്ലസ്ടു വരെ ഈ വിദ്യാലയത്തിൽ പ്രവർത്തിച്ചുവരുന്നു. ഏകദേശം 3000 ത്തോളം കുട്ടികൾ ഈ വിദ്യാലയത്തിൽ എല്ലാ വിഭാഗങ്ങളിലുമായി പഠിച്ചുവരുന്നു. നൂറോളം അധ്യാപകരും 5 അനധ്യാപകരും ജോലി ചെയ്യുന്നു. ഈ വിദ്യാലയത്തിന്റെ

ഹെഡ്മിസ്ട്രസ് ശ്രീമതി ജയ. കെ.കെ. യും പ്രിൻസിപ്പൽ കെ. ശ്രീജിത്ത് ഉം ആണ്.

പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി, പുലാമന്തോൾ പഞ്ചായത്ത്, പാലക്കാട് ജില്ലയിലെ നെല്ലായ പഞ്ചായത്ത് എന്നീ പ്രദേശങ്ങളിലുള്ള കുട്ടികളും ഈ വിദ്യാലയത്തിൽ അധ്യയനം നടത്തിവരുന്നു.

ഏകദേശം 100 വർഷത്തിലധികം പഴക്കമുള്ള ഈ വിദ്യാലയം ആദ്യകാലത്തു എൽ.പി സ്കൂളായിരുന്നു. പിന്നീട് യു.പി സ്കൂളായും, ഹൈസ്കൂളായും (1974) ഉയർത്തപ്പെട്ടു. 1998 മുതൽ ഹയർസെക്കണ്ടറി വിഭാഗം പ്രവർത്തിച്ചുവരുന്നു.

# അവസ്ഥാ വിശകലനം

ഈ അധ്യയനവർഷത്തിൽ യുപി വിഭാഗത്തിൽ 14 ഡിവിഷനുകളിലായി 411 കുട്ടികളും ഹൈസ്കൂൾ വിഭാഗത്തിൽ 32 ഡിവിഷനുകളിലായി 1264 കുട്ടികളും പഠിക്കുന്നു .

സാമൂഹികവും സാമ്പത്തികവു മായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നാണ് ഭൂരിഭാഗം കുട്ടി കളും വരുന്നത്.കൃഷി, ചെറുകിട കച്ചവടം എന്നിവയാണ് രക്ഷിതാക്കളുടെ പ്രധാന വരുമാന മാർഗ്ഗം .അതിനാൽ വിദ്യാഭ്യാസ കാര്യങ്ങളിൽ സ്കൂളിനെയും അധ്യാപകരെയും തന്നെയാണ് മുഖ്യമായും രക്ഷിതാക്കൾ ആശ്രയിക്കുന്നത്.

പാഠ്യ -പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സംസ്ഥാനതലത്തിൽ ഉൾപ്പെടെ മികച്ച വിജയം കൈവരിക്കുന്നതിന് എല്ലാ വർഷവും നമുക്ക് കഴിയുന്നുണ്ട് .വിവിധ ക്ലബ്ബുകളുടെ പ്രവർത്തനവും ജെ ആർ സി ,ലിറ്റിൽ കൈറ്റ്സ് ,സ്റ്റുഡൻറ് പോലീസ് ,എടിഎൽ  എന്ന് യൂണിറ്റുകളുടെ പ്രവർത്തനങ്ങളും നമ്മുടെ സ്കൂളിൽ നല്ല രീതിയിൽ നടന്നു വരുന്നു.

2004 മാർച്ചിൽ എസ്എസ്എൽസി പരീക്ഷ എഴുതിയ 483 കുട്ടികളിൽ 474 കുട്ടികൾ വിജയിച്ചു .52 കുട്ടികൾക്ക് മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചിട്ടുണ്ട് .2025 യു എസ് എസ് പരീക്ഷയിൽ 20 കുട്ടികൾ സ്കോളർഷിപ്പിന് അർഹരായി. 2025 എൻ എം എം എസ് പരീക്ഷയിൽ ഒരു കുട്ടി സ്കോളർഷിപ്പിന് അർഹത നേടി

# സ്കൂൾ പ്രൊഫോർമ I (Academic Year 2025-2026)
## വിദ്യാർത്ഥികളുടെ അംഗസംഖ്യ
## വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

| റവന്യൂ ജില്ലയുടെ പേര് : Malappuram | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | G H S S Kunnakkavu |
| 2 | വിലാസം | KUNNAKKAVU |
| 3 | ഫോൺ നമ്പർ | 04933230333 |
| 4 | ഇ-മെയിൽ വിലാസം | ghskunnakkavu@gmail.com |
| 5 | സ്കൂൾ കോഡ് | 18075 |
| 6 | ആൺകുട്ടികൾ/<br>പെൺകുട്ടികൾ/<br>രണ്ടുംകൂടിയുള്ളത് | രണ്ടുംകൂടിയുള്ളത് |
| 7 | സർക്കാർ/ എയിഡഡ് /അൺഎയിഡഡ് | Government |
| 8 | ക്ലാസ് ( സ്റ്റാൻഡേർഡ് ) | ആരംഭം: 5 അവസാനം: 12 |
| 9 | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര ് | General |
| 10 | വിദ്യാഭ്യാസ ഉപജില്ല | Perinthalmanna |
| 11 | വിദ്യാഭ്യാസ ജില്ല | Malappuram |
| 12 | സ്കൂൾ സ്ഥാപിച്ച വർഷം | 1974 |
| 13 | അസംബ്ലി നിയോജകമണ്ഡലം | Perinthalmanna |
| 14 | പാർലമെന്റ് നിയോജകമണ്ഡലം | Malappuram * |
| 15 | റൂറൽ/അർബൻ | Rural |
| 16 | ബ്ലോക്ക് | Perinthalmanna |
| 17 | താലൂക്ക് | Perinthalmanna |
| 18 | പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | Elamkulam |

* വകുപ്പിന്റെ പേര് - പൊതു വിദ്യാഭ്യാസ വകുപ്പ് , ഫിഷറീസ് വകുപ്പ്, ട്രൈബൽ വകുപ്പ്, സാങ്കേതിക വകുപ്പ് മുതലായവ

(മറുപുറം )

ആറാം അദ്ധ്യയനദിനം 10 ജൂൺ 2025

വിദ്യാർത്ഥികളുടെ എണ്ണം

| STD | No of Divisions | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലിം | | | *മറ്റ് ന്യൂനപക്ഷ സമുദായം | | | *ഒ . ബി .സി | | | മറ്റുള്ളവ | | | എ. പി. ൽ | | | ബി. പി. ൽ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| **5** | 4 | 55 | 56 | 111 | 4 | 5 | 9 | 0 | 0 | 0 | 41 | 42 | 83 | 0 | 0 | 0 | 5 | 3 | 8 | 5 | 6 | 11 | 31 | 31 | 62 | 24 | 25 | 49 |
| **6** | 5 | 72 | 70 | 142 | 5 | 8 | 13 | 0 | 0 | 0 | 56 | 54 | 110 | 0 | 0 | 0 | 6 | 6 | 12 | 5 | 2 | 7 | 47 | 36 | 83 | 25 | 34 | 59 |
| **7** | 5 | 87 | 71 | 158 | 10 | 6 | 16 | 0 | 0 | 0 | 59 | 52 | 111 | 0 | 0 | 0 | 12 | 5 | 17 | 6 | 8 | 14 | 46 | 40 | 86 | 41 | 31 | 72 |
| **8** | 13 | 211 | 211 | 422 | 25 | 26 | 51 | 0 | 0 | 0 | 136 | 152 | 288 | 0 | 0 | 0 | 36 | 21 | 57 | 14 | 12 | 26 | 104 | 109 | 213 | 107 | 102 | 209 |
| **9** | 9 | 194 | 198 | 392 | 24 | 26 | 50 | 0 | 0 | 0 | 139 | 142 | 281 | 0 | 0 | 0 | 22 | 20 | 42 | 9 | 10 | 19 | 95 | 111 | 206 | 99 | 87 | 186 |
| **10** | 10 | 235 | 215 | 450 | 29 | 28 | 57 | 0 | 0 | 0 | 156 | 153 | 309 | 1 | 0 | 1 | 32 | 23 | 55 | 17 | 11 | 28 | 136 | 114 | 250 | 99 | 101 | 200 |
| ആകെ | | 854 | 821 | **1675** | 97 | 99 | 196 | 0 | 0 | 0 | 587 | 595 | 1182 | 1 | 0 | 1 | 113 | 78 | 191 | 56 | 49 | 105 | 459 | 441 | 900 | 395 | 380 | 775 |

*മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ :ക്രിസ്ത്യൻസ് , സിക്ക് , ബുദ്ധിസ്റ്റ് , സൊരാഷ്ട്രിയൻസ് (പാഴ്സി )

മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | മലയാളം | | | ഇംഗ്ലീഷ് മീഡിയം | | | തമിഴ് | | | കന്നട | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| **5** | 38 | 40 | 78 | 17 | 16 | 33 | 0 | 0 | 0 | 0 | 0 | 0 | 55 | 56 | 111 |
| **6** | 41 | 47 | 88 | 31 | 23 | 54 | 0 | 0 | 0 | 0 | 0 | 0 | 72 | 70 | 142 |
| **7** | 53 | 42 | 95 | 34 | 29 | 63 | 0 | 0 | 0 | 0 | 0 | 0 | 87 | 71 | 158 |
| **8** | 148 | 138 | 286 | 63 | 73 | 136 | 0 | 0 | 0 | 0 | 0 | 0 | 211 | 211 | 422 |
| **9** | 141 | 141 | 282 | 53 | 57 | 110 | 0 | 0 | 0 | 0 | 0 | 0 | 194 | 198 | 392 |
| **10** | 171 | 167 | 338 | 64 | 48 | 112 | 0 | 0 | 0 | 0 | 0 | 0 | 235 | 215 | 450 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ആകെ | 592 | 575 | 1167 | 262 | 246 | 508 | 0 | 0 | 0 | 0 | 0 | 0 | 854 | 821 | **1675** |

ഭാഷാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | മലയാളം | | | സംസ്കൃതം | | | അറബി | | | ഉറുദു | | | ഗുജറാത്തി | | | തമിഴ് | | | കന്നഡ | | | അഡി ഹിന്ദി | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| **5** | 8 | 1 | 9 | 10 | 13 | 23 | 28 | 33 | 61 | 9 | 9 | 18 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **6** | 13 | 11 | 24 | 8 | 6 | 14 | 35 | 37 | 72 | 16 | 16 | 32 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **7** | 26 | 10 | 36 | 8 | 13 | 21 | 40 | 35 | 75 | 13 | 13 | 26 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **8** | 59 | 41 | 100 | 35 | 32 | 67 | 95 | 104 | 199 | 22 | 34 | 56 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **9** | 54 | 53 | 107 | 15 | 25 | 40 | 99 | 90 | 189 | 26 | 30 | 56 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **10** | 65 | 53 | 118 | 31 | 27 | 58 | 113 | 108 | 221 | 26 | 27 | 53 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 225 | 169 | 394 | 107 | 116 | 223 | 410 | 407 | 817 | 112 | 129 | 241 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

സ്ഥലം :

തീയതി : ഹെഡ്മാസ്റ്ററുടെ ഒപ്പ്

Report Taken on June 25, 2025, 12:08 pm

# അക്കാദമിക കലണ്ടർ 2025 - 2026

## വിഷയം മലയാളം

**ജൂൺ 19 - 26 വായനാവാരം**

- വായനാദിന ക്വിസ് ,വായന മത്സരം
- എന്റെ പുസ്തകം - കുറിപ്പ് തയ്യാറാക്കൽ
- അക്ഷരമരം ,രചനകൾ (സ്വന്തം ,കഥ കവിത )

**ജൂലൈ 5 ബഷീർ അനുസ്മരണ ദിനം**

- ബഷീർ കഥാപാത്രങ്ങളുടെ അവതരണം
- ബഷീർ കൃതികൾ - ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ
- ഡോക്യുമെൻററി പ്രദർശനം (ബഷീർ ദ മാൻ )
- ബഷീർ ദിന ക്വിസ്

**ആഗസ്റ്റ് 17 ചിങ്ങം ഒന്ന് നാട്ടറിവ് ദിനം**

- കൃഷി - വീഡിയോ പ്രദർശനം
- വ്യത്യസ്തമായ കൃഷി രീതികളെ പരിചയപ്പെടുത്തുക
- കാർഷിക ഉപകരണങ്ങൾ പരിചയപ്പെടുത്തൽ
- ക്വിസ് മത്സരം

**സെപ്റ്റംബർ 5 അധ്യാപക ദിനം**

- കുട്ടി മാഷ്
- കുട്ടി അധ്യാപകന് കത്തെഴുതൽ മത്സരം

**സെപ്റ്റംബർ രണ്ടാം വാരം**

- ഓണം അന്നും ഇന്നും - ചർച്ച
- എൻറെ ഓണം - അനുഭവക്കുറിപ്പ് തയ്യാറാക്കൽ

**സെപ്റ്റംബർ 21 ശ്രീനാരായണഗുരു സമാധി ദിനം**

- ശ്രീനാരായണ സന്ദേശങ്ങളുടെ സമകാലിക പ്രസക്തി - ചർച്ച
- ശ്രീനാരായണ സന്ദേശങ്ങളുടെ പോസ്റ്റർ തയ്യാറാക്കൽ

**ഒക്ടോബർ 2 ഗാന്ധിജയന്തി**

- ഗാന്ധി - കവിത ആലാപനം
- ഗാന്ധിജിയുടെ ഇന്ത്യ എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കൽ
- ഗാന്ധിജിയെ കുറിച്ച് ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ

## നവംബർ 1 കേരളപ്പിറവി

- എന്റെ കേരളം എന്റെ മലയാളം - പ്രഭാഷണം
- ഭാവിയിലെ കേരളം - ആശയ രൂപീകരണം (ചർച്ചചെയ്ത് ആശയത്തിലേക്ക് )
- ക്വിസ് മത്സരം സോഷ്യൽ സയൻസ് ക്ലബ്ബുമായി ചേർന്ന്
- കേരളത്തെക്കുറിച്ച് പതിപ്പ് നിർമ്മാണം

## ഡിസംബർ 10 മനുഷ്യാവകാശ ദിനം

- മനുഷ്യാവകാശങ്ങൾ ധ്വംസിക്കപ്പെടുന്നതിന്റെ ചിത്രങ്ങൾ ശേഖരിച്ച് പ്രദർശനം

## നവംബർ 31 തുഞ്ചൻ ദിനം

- തുഞ്ചൻപറമ്പ് സന്ദർശനം
- പ്രാചീന കവിത്രയം - ക്വിസ് മത്സരം

## ജനുവരി ഫീൽഡ് ട്രിപ്പ്

- കേരള കലാമണ്ഡലം

## ഫെബ്രുവരി 21 അന്തർദേശീയ മാതൃഭാഷാ ദിനം

- പ്രസംഗം - മാതൃഭാഷയുടെ പ്രാധാന്യം
- മാതൃഭാഷ പ്രമേയമാക്കിവരുന്ന കവിതകളുടെ ആലാപനം
- മാതൃഭാഷയുടെ പ്രാധാന്യം ഉപന്യാസം മത്സരം

# അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം 2025 - 2026

## മേഖല അക്കാദമികം
## ഉപമേഖല മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | ❿ പ്രീ ടെസ്റ്റ്<br>❿ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>❿ ചിത്രം നൽകി കഥ പറയൽ, കവിതയെഴുതൽ | ജൂൺ ജൂലൈ ആഗസ്റ്റ് | ഭാഷാ ധ്യാപകർ | SRG, PTA,SSA, DIET, SCERT, SMC |
| 2 | കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | ❿ വായനക്കൂട്ടം രൂപീകരിക്കൽ<br>❿ ക്ലാസ് ലൈബ്രറി<br>❿ വായനാക്കുറിപ്പ് - പതിപ്പ് | ഒരു വർഷം | ഭാഷാ ധ്യാപകർ ലൈബ്രറേറിയൻ ,വിദ്യാരംഗം | SRG, PTA,SMC |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | ❿ എഴുത്തുകൂട്ടം രൂപീകരണം<br>❿ എഴുത്തിനു മുൻഗണനയുള്ള സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കൽ | ഒരു വർഷം | ഭാഷാ ധ്യാപകർ | SMC,PTA |
| 4 | സർഗ്ഗശേഷികൾ കണ്ടെത്തലും വികസിപ്പിക്കലും (വിദ്യാരംഗം ) | ❿ വിദ്യാരംഗം കലാസാഹിത്യ വേദി രൂപീകരണം<br>❿ ഭിന്നശേഷിക്കാർക്കായി പ്രത്യേക സഭ | ജൂൺ | ഭാഷാ ധ്യാപകർ IEDSS | SRG, PTA,SMC |

| | | | | | |
|---|---|---|---|---|---|
| 5 | രചനകൾ ആശയങ്ങൾ എന്നിവ വിവിധ മാധ്യമങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് അവസരം ഒരുക്കുക | ❿ രചനകൾ ക്ലാസ് മാഗസിൻ ,ചുമർ പത്രങ്ങൾ, സ്കൂൾ ബ്ലോഗ് എന്നിവയിലൂടെ പ്രകടിപ്പിക്കൽ<br>❿ പത്രക്വിസ് (പ്രതിദിനം ഒരു ചോദ്യം) | വാർത്ത ദിവസവും അഞ്ചു മിനിറ്റ് | SITC,Class Teachers | SRG, PTA,SMC |
| 6 | ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവേദനം നടക്കാനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | ❿ എൻറ അവധിക്കാലം- പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥാ,കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ് )അവതരിപ്പിക്കുന്നു.<br>❿ അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്ന.<br>❿ വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് | ജൂൺ<br>ജൂലൈ<br>ജൂലൈ | മലയാളം അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | | | |
| 7 | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | ❿രംഗവിഷ്കാരം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചോൽക്കാഴ്ചകൾ ലഘു നാടകങ്ങൾ തുടങ്ങിയവ അവതരിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | മലയാളം ക്ലബ്ബ് | |
| 8 | സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക | ❿സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരെ കുറിച്ചുള്ള വിവരശേഖരണം നടത്തുകയും പതിപ്പുകൾ നിർമ്മിക്കുകയും പ്രധാന ദിനങ്ങൾ ആചരിക്കുകയും ചെയ്യുക | 2025 26 അക്കാദമിക്ക് വർഷം | മലയാളം ക്ലബ്ബ് | |

# GHSS കുന്നക്കാവ്
# അക്കാഡമിക് മാസ്റ്റർ പ്ലാൻ - അറബിക് 2025-26

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| <u>വായന</u><br>കുട്ടികളിൽ വായന പ്രോൽ സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരനാവുക | അറബിക് ലൈബ്രറി ശാക്തീകരണം.<br>അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു.<br>പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>കഥകൾ,കവിതകൾ, ചിത്രകഥകൾ.........<br>വായനാ കോർണർ സ്ഥാപിക്കുന്നു. | 6 മാസം<br>ജൂൺ-നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| <u>എഴുത്ത്</u><br><br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു.<br>ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും.<br><br>കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കുകൾ ഉൾ ക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും. | സെപ്റ്റംബർ-നവംബർ<br><br>നവംബർ-ഡിസംബർ | | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ<br><br>സ്പോൺസർഷിപ്പ് |
| <u>അറിവിൻ തിളക്കം</u><br>അറബിയിൽ അറിവ് നേടുക | മാസാന്ത ക്വിസ് കാർണിവൽ.<br>ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസിൻ്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു.അതിൽ നിന്ന് ശരിയുത്തരം | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ്, ലാപ്ടോപ്പ് | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| **പ്രതിഭകളെ കണ്ടെത്തൽ** | കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു.<br>പ്രതിഭകളെ കണ്ടെത്തുന്നതിന് മൽസരങ്ങൾ നടത്തുന്നു.<br>അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. | ജൂലായ്-ആഗസ്റ്റ് | സ്റ്റേജ് സൗണ്ട് ബോക്സ്<br>പോസ്റ്ററുകൾ | അധ്യാപകർ<br>അധ്യാപകർ |
| **ദിനാചരണങ്ങൾ**<br>ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു. | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | നവംബർ | സി.ഡി, കമ്പ്യൂട്ടർ,ടിവി പ്രൊജക്ടർ | അധ്യാപകർ |
| **ആസ്വാദനം** | ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ജനുവരി | സി.ഡി, കമ്പ്യൂട്ടർ,ടിവി പ്രൊജക്ടർ | അധ്യാപകർ |
| **അറബിക് ലാംഗ്വേജ് ലാബ്**<br>**അറബിക് ഫെസ്റ്റ്** | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക | ഡിസംബർ | സി.ഡി, കമ്പ്യൂട്ടർ,ടിവി, പ്രൊജക്ടർ | ബി.ആർ.സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ | അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം ഫിലിം പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | | | |

# ഉർദു അക്കാദമിക്
# മാസ്റ്റർ പ്ലാൻ- 2025-26

**School:**.................................................................................................

**Name of the Urdu Teacher:**.........................................................

KUTA MLAPPURAM SUB DISTRICT COMMITEE

# ആമുഖം

ഇന്ത്യയിൽ ജനിച്ച, ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഘരീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്.ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടെയും കവിതകളുടെയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

........................................................................സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

**പൊതു ലക്ഷ്യങ്ങൾ**

- ഉർദു ഭാഷ പഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ ആക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
- ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | **പഠേം ആഗെ ബഡേം** ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചര ണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 2 | **മേരെ അൽഫാസ്** ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർ ദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർ ത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമണം ,വായന കാർഡ് നിർമാണം | | | | |
| 3 | e-ദുനിയ ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർഷം | ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 5 | ഖസാന-എ ഇൽമ് പൊതുവിജ്ഞാനം | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 200 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 6 | മുശാഇറ | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 7 | ഉർദുദിനം | ടാലന്റ് മീറ്റ് അക്ഷര മരം ഭാഷാ സെമിനാർ എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 8 | വായന ആസ്വാദനം | കുട്ടി വായന , അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ് , പുസ്തക ചർച്ച ,ക്വിസ് മത്സരം ,മെഗാ ക്വിസ്. | ഒരു വർഷം | ഉർദു ക്ലബ്ബ് | 700 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| | തലാഷ് | പ്രാദേശിക പഠന യാത്രകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 9 | ദിനാചാരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 10 | തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 11 | **ഉർദു കെ മോത്തിയാം** ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**മേഖല – അക്കാദമികം** **(UP & HS)** **ഉപമേഖല: സംസ്കൃതം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **പഠനോപ-കരണങ്ങൾ** | **സാമ്പത്തികം** |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസംയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc.. | |

# <u>അക്കാദമിക് മാസ്റ്റർ പ്ലാൻ</u>

## PROJECT (SANSKRIT)

---

- **സംസ്കൃതം ലൈബ്രറി**
  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**
  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**
  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**
  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**
  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**
  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം**
  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

# ACADEMIC MASTERPLAN

## ENGLISH(UP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് വായന ബാവാത്മക വായന എന്നിവ പരിശീലിപ്പിക്കുന്നു | യവായനയിൽ പിന്നോക്കവെസ നേരിടുന്ന കുട്ടികൾക്ക് റീഡിങ് കാർഡ് ചിത്ര പുസ്തകങ്ങൾ എന്നിവ ഉപയോഗിച്ചുള്ള പിന്തുണ പ്രവർത്തനങ്ങൾ | ACADEMIC YEAR | ഇംഗ്ലീഷ് ടീച്ചേഴ്സ് |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | എഴുത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് ക്ലാസ് തലത്തിൽ വർക്ക്ഷോപ്പുകൾ പിന്തുണ പ്രവർത്തനങ്ങൾ കുട്ടികളുടെ കലാസൃഷ്ടികൾ ഉൾപ്പെടുത്തി ക്ലാസ് | JULY | ഇംഗ്ലീഷ് ടീച്ചേഴ്സ് |

| | | | |
|---|---|---|---|
| | മാഗസിൻ തയ്യാറാക്കുന്നു ഇംഗ്ലീഷ് സ്പെല്ലിംഗ് ടെസ്റ്റ് നടത്തി വിജയികളെ കണ്ടെത്തുന്നു | | |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | ഓഗസ്റ്റ് 15 ഇൻഡിപെൻഡൻസ് ഡേ ഇംഗ്ലീഷ് സ്പീച് കോമ്പറ്റീഷൻ ,പോസ്റ്റർ നിർമ്മാണം | AUGUST | ഇംഗ്ലീഷ് ടീച്ചേഴ്സ് |
| | സെപ്റ്റംബർ 5 അധ്യാപകദിനം ക്ലാസ് തലത്തിൽ കുട്ടി ടീച്ചർ അവതരണം , മികച്ച കുട്ടി ടീച്ചറെ തിരഞ്ഞെടുക്കുന്നു, ഇംഗ്ലീഷ് സ്പെല്ലിംഗ് ടെസ്റ്റ് | SEPTEMBER | ഇംഗ്ലീഷ് ടീച്ചേഴ്സ് |
| വായന പ്രോത്സാഹിപ്പിക്കുന്നു | റീഡിങ് കോമ്പറ്റീഷൻ -SELECTING LEADER OF THE MONTH | ടേമിൽഒരു തവണ | ഇംഗ്ലീഷ് ടീച്ചേഴ്സ് |
| രിയായി ഇംഗ്ലീഷ് ശ്രവിക്കാനും | കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് | DECEMBER | ഇംഗ്ലീഷ് ടീച്ചേഴ്സ് |

| | | | |
|---|---|---|---|
| അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു | പരിശീലനം, കയ്യെഴുത്ത് മത്സരം | | |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | ന്യൂ ഇയർ കാർഡ് പ്രിപ്പറേഷൻ സ്റ്റോറി റൈറ്റിംഗ് കോമ്പറ്റീഷൻ ജനുവരി 26 റിപ്പബ്ലിക് ഡേ ക്വിസ് ഇംഗ്ലീഷ് ഫസ്റ്റ് | ജനുവരി<br><br>ഫെബ്രുവരി | ഇംഗ്ലീഷ് ടീച്ചേഴ്സ് |

# Academic Master Plan 2025-26

# English- High School

| Objective | Activity | Duration | Charge (Person/Role Responsible) |
|---|---|---|---|
| **Improve Listening Skills** | Audio-visual sessions using English news clips, short films, and interviews<br><br>Screening of English movies under English club | Monthly | English teachers, English club coordinator |
| **Develop Reading Comprehension** | Guided reading of texts, newspapers | Everyday | English teachers, Librarian |
| **Enhance Speaking Skills** | Pair/group conversation, debates, role plays, and JAM (Just A Minute) sessions under English club | Fortnightly | English teachers, English club coordinator |
| **Strengthen Writing Skills** | Writing workshops:<br>Story writing, poem writing, letter writing, essay writing, report writing, diary entry etc | Monthly | English teachers, English club coordinator |
| **Build Grammar and Vocabulary** | Grammar drills, vocabulary games, and quizzes | Weekly | English teachers, English club coordinator |
| **Improve Pronunciation and Accent** | Phonetics training and use of pronunciation apps/dictionaries | Fortnightly | English teachers |
| **Prepare Students for Exams (SSLC, internal assessments)** | Grammar workshops, Question paper discussions, special coaching for underachievers | Monthly | English Teachers |

| | | | |
|---|---|---|---|
| **Encourage Use of English Outside Classroom** | English Day, English Corner, English Fest, English contests, announcements and morning speeches in English | One Year | English teachers, English club coordinator |
| **Provide Remedial Support to Struggling Students** | Special remedial classes for identified weak learners | Weekly | English teachers, SPC , JRC Cadets |

# **അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 26**

## **സാമൂഹ്യശാസ്ത്രം യുപി വിഭാഗം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കുട്ടിയുടെ സമൂഹവുമായി ബന്ധപ്പെട്ട അടിസ്ഥാന അറിവുകൾ ആശയങ്ങൾ പരിശോധിക്കൽ നേടിയെടുക്കൽ | കുട്ടിയുടെ പഞ്ചായത്ത് ബ്ലോക്ക് ജില്ലാ തുടങ്ങിയവയുമായി ബന്ധപ്പെട്ട അറിവ് പരിശോധിക്കുന്നതിനുള്ള വ്യത്യസ്ത കളികൾ ജില്ലകൾ സംസ്ഥാനങ്ങൾ രാജ്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഭൂപ്രകൃതി സംസ്ഥാനം രാജ്യം ഇവയുടെ തലസ്ഥാനങ്ങൾ എക്സ്പെക്റ്റ് പരിശോധിക്കൽ | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് | -ഭൂകമ്പം സുനാമി വെള്ളപ്പൊക്കം ഉരുൾപൊട്ടൽ | ജൂലൈ | സാമൂഹ്യശാസ്ത്ര |

| | | | |
|---|---|---|---|
| മനസ്സിലാക്കുന്നതിനും ആവശ്യമായ സന്ദർഭങ്ങളിൽ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാനും ബോധവാന്മാരാക്കുക | തുടങ്ങിയവയുടെ ദൃശ്യങ്ങൾ പ്രദർശിപ്പിച്ച പ്രകൃതി ദുരന്തങ്ങളുടെ തീവ്രത മനസ്സിലാക്കൽ രക്ഷാപ്രവർത്തകരുടെ പ്രവർത്തനങ്ങളുടെ വീഡിയോകൾ പ്രദർശിപ്പിച്ച രക്ഷാപ്രവർത്തനത്തിന്റെ പ്രാധാന്യം മനസ്സിലാക്കൽ ശാസ്ത്ര സാമൂഹ്യശാസ്ത്ര അധ്യാപകർ ഐസിടി | | അധ്യാപകർ,ICT വിദഗ്ധർ |
| ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെയും അതിനു നേതൃത്വം നൽകുകയും പങ്കെടുക്കുകയും ചെയ്തവരു | ചരിത്ര പ്രാധാന്യമുള്ള പ്രാദേശികമായ സ്ഥലങ്ങളുടെ സന്ദർശനം സ്വാതന്ത്ര്യ സമര ചരിത്രപ്രദർശനം സ്വാതന്ത്ര്യ സമര പതിപ്പ് നിർമ്മാണം | ഓഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| ടെയും പ്രാധാന്യം മനസ്സിലാക്കൽ | | | |
| സൈബർ സുരക്ഷ ട്രാഫിക് നിയമങ്ങളെ കുറിച്ചും ട്രാഫിക് നിയമങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനും അവയുടെ പ്രാധാന്യം ഉൾക്കൊള്ളുന്നതിനും | ട്രാഫിക് ബോധവൽക്കരണ ക്ലാസ് സൈബർ സുരക്ഷാ ബോധവൽക്കരണ ക്ലാസ് | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| കുട്ടികളുടെ സുരക്ഷ പോക്സോ ബോധവൽക്കരണം | കുട്ടികൾക്കെതിരായ അതിക്രമം പീഡനം അശ്ലീല അശ്ലീലത തുടങ്ങിയ തുടങ്ങിയ കുറ്റകൃത്യങ്ങളുടെ ദൃശ്യങ്ങളും | ഒക്ടോബർ | സാമൂഹ്യശാസ്ത്ര ക്ലബ് സ്കൂൾ കൗൺ |

| | | | |
|---|---|---|---|
| | ചിത്രങ്ങളും<br>പ്രദർശിപ്പിച്ച്<br>അവയെക്കുറിച്ച്<br>ബോധവാന്മാരാക്കുക,<br>നിയമ<br>ബോധവൽക്കരണ<br>പരിപാടി | | സിലർ |
| സമൂഹത്തി<br>ലെ ദുരിതം<br>അനുഭവി<br>ക്കുന്ന<br>വ്യത്യസ്ത<br>വിഭാഗങ്ങ<br>ളെ<br>കരുണയോ<br>ടെ<br>കാണാനു<br>ള്ള<br>മനോഭാവം<br>വളർത്തി<br>യെടുക്കൽ | വ്യത്യസ്തതരം<br>മാറാരോഗങ്ങൾ<br>അനാഥരുടെയും<br>വൃദ്ധജനങ്ങളുടെയും<br>ജീവിതം<br>ചിത്രീകരിക്കുന്ന<br>വീഡിയോകളുടെ<br>പ്രദർശനം<br>പാലിയേറ്റീവ്<br>സെന്ററുകൾ<br>വൃദ്ധസദനങ്ങൾ<br>തുടങ്ങിയ<br>തുടങ്ങിയവയുടെ<br>സന്ദർശനം | നവം<br>ബർ | സാമൂ<br>ഹ്യശാ<br>സ്ത്ര<br>ക്ലബ്ബ് |
| ഭിന്നശേഷി<br>ക്കാർക്ക്<br>വേണ്ടി<br>സഹായവും<br>സേവനവും<br>ചെയ്യാനുള്ള<br>മനോഭാവം<br>വളർത്തൽ | സ്കൂളിലെ ഭിന്നശേഷി<br>വിദ്യാർഥികളുടെ<br>ഗൃഹസന്ദർശനം<br>അവർക്കാവശ്യമായ<br>സഹായം ചെയ്യൽ | ഡി<br>സം<br>ബർ | സാമൂ<br>ഹ്യശാ<br>സ്ത്ര<br>ക്ലബ്ബ്<br>സ്പെ<br>ഷ്യൽ<br>എഡ്യൂ |

| | | | |
|---|---|---|---|
| | | | ക്കേറ്റർ |
| നമ്മുടെ രാജ്യത്തെ കുറിച്ച് സമഗ്രമായ അറിവ് സമ്പാദിക്കൽ | ഇന്ത്യയുടെ വ്യത്യസ്ത സാംസ്കാരിക ചരിത്ര പാരമ്പര്യങ്ങളെ കുറിച്ചും ചരിത്ര സ്മാരകങ്ങളെക്കുറിച്ചും അറിവ് നേടുന്നതിനുള്ള പ്രവർത്തനങ്ങൾ വീഡിയോ പ്രദർശനങ്ങൾ | ജനുവരി | സാമൂഹ്യശാസ്ത്ര അധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2005 - 26
# സോഷ്യൽ സയൻസ്

| മാസം | പ്രവർത്തനം | ലക്ഷ്യം | കാലാവധി | ചുമതല | സീമ്പത്തികം |
|---|---|---|---|---|---|
| ജൂൺ 5 | വനവത്ക്കണം | പരിസ്ഥിതിയും പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിന് | 1 day | സോഷ്യൽ സയൻസ് ക്ലബ് | എസ് എസ് അധ്യാപകർ |
| ജൂൺ 12 | പോസ്റ്റർ മേക്കിങ് (ബാലവേല വിരുദ്ധ ദിനം) | കുട്ടികളുടെ അവകാശങ്ങളെ കുറിച്ച് ബോധവാന്മാരാക്കുക | 1 day | സോഷ്യൽ സയൻസ് ക്ലബ് | S S CLUB |
| ജൂലൈ 11 | കൊളാഷ് (ജനസം | ജനസംഖ്യ വർദ്ധന | 1 day | എസ് എസ് അധ്യാ | S S CLUB |

| | | | | | |
|---|---|---|---|---|---|
| | ഖ്യ ദിനം) | വ് സൃഷ്ടിക്കുന്ന ആഗോള പ്രതിസന്ധി തിരിച്ചറിയുന്നതിന് | | പകർ | |
| ഓഗസ്റ്റ് 6 | വിശ്വമാനവികത (സ്ട്രീറ്റ് പ്ലേ) | യുദ്ധത്തിന്റെ ഫലം ആത്യന്തികമായി മനുഷ്യസമൂഹത്തിന്റെ തകർച്ചയാണ് എന്ന് അവബോധം കുട്ടികളിൽ എത്തി | 3 day | സോഷ്യൽ സയൻസ് ക്ലബ് | S S CLUB |

| | | | | | |
|---|---|---|---|---|---|
| | | ക്കുന്നതിന് | | | |
| ഓഗസ്റ്റ് 15 | നമ്മുടെ ഇന്ത്യ സ്വാതന്ത്ര്യ ദിന ക്വിസ് | ഇന്ത്യയുടെ സ്വാതന്ത്ര്യസമര സേനാനികളെ കുറിച്ച് ധാരണ ഉണ്ടാക്കുക | 1 day | അധ്യാപകർ | S S CLUB |
| സെപ്റ്റംബർ | കാടും മേടും ഫീൽഡ് ട്രിപ്പ് | അധ്യാപകർ പഠിതാക്കളെ ചരിത്രബോധം ഉളവാക്കുക | പ്രത്യേകം തിരഞ്ഞെടുത്ത ദിവസം | അധ്യാപകർ, PTA | |
| സെപ്റ്റംബർ 15 | ഒന്നായി നമ്മൾ പൗരബോധ പ്രവർത്തനങ്ങൾ | ജനാധിപത്യം ഒരു ജീവിതശൈലിയായി മാറ്റിയെടുക്കുക | 1 day | എസ് എസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഒക്ടോബർ 2 | ഗാന്ധി ജയന്തി ദിനാചരണം ഓൺലൈൻ ക്വിസ് , സെമിനാർ | ഗാന്ധിയുടെ ഗാന്ധിയൻ ആദർശങ്ങളുടെ 1 week സമകാലിക പ്രസക്തിയെക്കുറിച്ച് കുട്ടികൾ ധാരണ ഉണ്ടാക്കുക | 1 week | സോഷ്യൽ സയൻസ് ക്ലബ് |
| ഒക്ടോബർ 24 | ചുമർപത്രിക യുഎൻ ദിനം | മനുഷ്യാവകാശ സംരക്ഷണവുമായി ലോക സമാധാനവും ആയും ബന്ധപ്പെട്ട | 1 day | സോഷ്യൽ സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| നവംബർ 26 | എസ് എസ് അസംബ്ലി ഭരണഘടനാദിനം | ഐക്യരാഷ്ട്ര സഭയുടെ ഇടപെടലുകളെ കുറിച്ച് കുട്ടികൾ ധാരണ ഉണ്ടാക്കുക ഇന്ത്യൻ ഭരണഘടന ആശയങ്ങളും ഭരണഘടന നേരിടുന്ന വെല്ലുവിളികളെ കുറിച്ച് പഠിതാക്കളിൽ ധാരണ ഉണ്ടാ | 1 day | സോഷ്യൽ സയൻസ് ക്ലബ് |

| | | | | | |
|---|---|---|---|---|---|
| | | ക്കുക | | | |
| ഡിസംബർ 10 | മനുഷ്യ ചങ്ങല മനുഷ്യാവകാശ ദിനം | മനുഷ്യാവകാശ സംരക്ഷണ ദിനത്തിന്റെ ചരിത്രവും വർത്തമാനവും കുട്ടികളിൽ എത്തിക്കുക | 1 day | സോഷ്യൽ സയൻസ് ക്ലബ് | അധ്യാപകർ |
| ഡിസംബർ 24 | ഓപ്പൺ ഫോറം ഉപഭോക്ത സംരക്ഷണ ദിനം | ഉപഭോക്ത വിദ്യാഭ്യാസം കുട്ടികളിൽ വളർത്തുന്നതിന് | 1 day | എസ് എസ് അധ്യാപകർ | S S CLUB |
| ജനുവരി 26 | പ്രസംഗ മത്സരം റിപ്പബ്ലി | ഇന്ത്യൻ റിപ്പബ്ലിക് എന്ന ആശയം | 1 day | എസ് എസ് അധ്യാപകർ | S S CLUB |

| | | | | | |
|---|---|---|---|---|---|
| | ക് ഡേ | കുട്ടികളിൽ വളർത്തുന്നത് | | | |
| ജനുവരി 30 | ഉപന്യാസ രചന രക്തസാക്ഷി ദിനം | ഗാന്ധിജിയും സമകാലിക ഇന്ത്യൻ ആദർശങ്ങളുടെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിന് | 1 day | അധ്യാപകർ | S S CLUB |
| ഫെബ്രുവരി 2 | മൊബൈൽ ഫോട്ടോഗ്രാഫി തണ്ണീർത്തട ദിനം | തണ്ണീർത്തടങ്ങളുടെ പ്രാധാന്യം അശാസ്ത്രീയ നിർമ്മാണ | 1 day | S S CLUB | S S CLUB |

| | | | | | |
|---|---|---|---|---|---|
| | | പ്രവർത്തനങ്ങളുടെ പ്രത്യാഘാതങ്ങൾ എന്നിവയെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് | | | |
| മാർച്ച് 8 | സ്റ്റാർട്ടപ്പ് | സാമൂഹ്യ ശാസ്ത്ര ലാബ് | വർഷം മുഴുവനും | എസ് എസ് അധ്യാപകർ | S S CLUB |

# <u>അക്കാദമിക മാസ്റ്റർ പ്ലാൻ</u>

**<u>2005 - 26</u>**

## ശാസ്ത്രം

**മേഖല -- അക്കാദമികം**

**ഉപമേഖല--ശാസ്ത്രം**

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം | Remarks |
|---|---|---|---|---|---|---|
| 1 | ശാസ്ത്രത്തിന്റെ നൂതന അറിവുകളെ കുട്ടികളിൽ എത്തിച്ച് അവരിൽ ശാസ്ത്രീയ മനോഭാവം വളർത്തുക | സയൻസ് ക്ലബ് രൂപീകരണവും പ്രവർത്തനങ്ങളും ,ബുള്ളറ്റിൻ ബോർഡിൻറെ ഉപയോഗം, ശാസ്ത്രമേള, പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ കുട്ടികളെക്കൊണ്ട് ചെയ്യിപ്പിക്കുക | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർക്ക് | അധ്യാപകർ, എസ്ആർജി ,സയൻസ് ക്ലബ്ബ് , പിടിഎ | |
| 2 | എല്ലാ കുട്ടികളിലും | പ്രീ ടെസ്റ്റ് | ജൂൺ ജൂ[illegible] | ശാസ്ത്ര അധ്യാ | അധ്യാപകർ, എസ് | |

| | | | | | | |
|---|---|---|---|---|---|---|
| 3 | ശാസ്ത്ര പഠനത്തിലൂടെ നേടേണ്ടി നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക | ചോദ്യം നിർമ്മാണം മൂല്യനിർണയം പരിഹാരബോധന ക്ലാസുകൾ ലാബ് ഉപകരണങ്ങളെ പരിചയപ്പെടുത്താൻ പഠനം പിന്നോക്ക അവസ്ഥയിൽ ഉള്ളവർക്ക് പരിഹാരബോധനം | ഫസ്റ്റ് ടേം | പകർ | ആർജി | |
| 4 | സ്കൂൾ ശാസ്ത്ര ലാബിന്റെ നവീകരണം | നക്ഷത്ര നിരീക്ഷണ ക്യാമ്പ് ഡിജിറ്റൽ ഷോ | ദീർഘകാലം | അധ്യാപകർ | എസ് എസ് എ, അധ്യാപകർ, എസ് ആർ ജി ,പി ടി എ | |
| 5 | മാലിന്യ മുക്ത ആരോഗ്യ | വിവിധ ഉപകരണങ്ങൾ ചാർട്ടുകൾ, മോഡലുകൾ എന്നിവ തരംതിരിച്ച് ക്രമീകരിക്കൽ, ക്ലാസുകളിലേ | | സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | എസ് ആർ ജി, അധ്യാപകർ, | |

| | | | | | | |
|---|---|---|---|---|---|---|
| 6 | ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം വാർത്തെടുക്കൽ<br><br>ഉൾച്ചേർക്കൽ വിദ്യാഭ്യാസത്തിലൂടെ ശാസ്ത്ര പ്രതിമകളെ വാർത്തെടുക്കൽ<br><br>ശാസ്ത്ര പഠനത്തിന് നൂതന ശാസ്ത്ര സാങ്കേതിക | ക്ക് എളുപ്പം കൊണ്ടുപോകാവുന്ന മൊബൈൽ ലാബ് കിറ്റ്<br><br>പരിസര ശുചീകരണം, ശുചിത്വ ബോധവൽക്കരണം, ആരോഗ്യക്ലാസ്, ബോധവൽക്കരണ ക്ലാസ് ,ഫാസ്റ്റ് ഫുഡ് ആരോഗ്യ സർവേ, ജൈവവൈവിധ്യ പാർക്ക് -ശാസ്ത്രീയ നാമം ,പ്രാദേശിക നാമം സർവ്വേ<br><br>ഭിന്ന നിലവാരത്തിലുള്ളവർക്കുള്ള പ്രവർത്തനങ്ങൾ | ദീർഘകാലം<br><br>ദീർഘകാലം | ശാസ്ത്ര അധ്യാപകർ റിസോഴ്സ് ടീച്ചർ<br><br>ശാസ്ത്ര അധ്യാപകർ | പഞ്ചായത്ത്<br><br>അധ്യാപകർ എസ്ആർജി വർക്ക് എക്സ്പീരിയൻസ് ടീച്ചർ<br><br>അധ്യാപകർ | |

| | | | | | | |
|---|---|---|---|---|---|---|
| | സംവിധാനങ്ങൾ ഉപയോഗപ്പെടുത്തൽ | തയ്യാറാക്കൽ , വിഷ്വൽ ചാർട്ട് നിർമ്മാണം, മോഡൽ നിർമ്മാണം<br><br>ഐസിടി സാധ്യതകൾ ഉപയോഗിച്ച് ചിത്രങ്ങൾ വീഡിയോ അനിമേഷൻ എന്നിവ പ്രദർശിപ്പിക്കുന്നു | | | | |

# അക്കാദമി കലണ്ടർ
## ശാസ്ത്രം

| | | | |
|---|---|---|---|
| 1 | ജൂൺ 5 | ലോക പരിസ്ഥിതി ദിനം | Nature walkആൻഡ് Reelsmaking കോമ്പറ്റീഷൻ വീട്ടുപരിസരം വൃത്തിയാക്കാനുള്ള നിർദ്ദേശം,ആരോഗ്യബോധവൽക്കരണ ക്ലാസ്സ്,ഹരിത ഡയറി ആരംഭം |
| 2 | ജൂൺ 7 | ലോക ഭക്ഷ്യ സുരക്ഷാ ദിനം | വീഡിയോ പ്രദർശനം -- ആരോഗ്യ ദായക ഭക്ഷണശീലം |
| 3 | ജൂൺ 14 | ലോക രക്തദാന ദിനം | രക്തദാനത്തിന്റെ പ്രാധാന്യംക്ലാസ് ബയോളജി ടീച്ചർമാർ |
| 4 | ജൂലൈ 11 | ലോക ജനസംഖ്യാ ദിനം | പരിസര വീടുകൾ സന്ദർശനം വിവരശേഖരണം |
| 5 | ജൂലൈ 21 | ചാന്ദ്രദിനം | ക്വിസ് ചാന്ദ്ര പര്യവേഷണത്തെക്കുറിച്ചു |

| | | | |
|---|---|---|---|
| | | | ള്ള വീഡിയോ ,കൊളാഷ് നിർമ്മാണം |
| 6 | ആഗസ്റ്റ് 11 | കർഷകദിനം | ചുറ്റുപാടും കൃഷി ചെയ്യുന്ന നടീൽ വസ്തുക്കളും നടീൽ രീതികളും കണ്ടെത്തുക |
| 7 | ആഗസ്റ്റ് 20 | ലോക കൊതുകനിർമാർജന ദിനം | Dry dayആചരണം സ്കൂളിലും വീട്ടിലും |
| 8 | സെപ്റ്റംബർ 16 | ഓസോൺ ദിനം | സെമിനാർ |
| 9 | സെപ്റ്റംബർ 21 | ലോക അൽഷിമേഴ്സ് ദിനം | വിവരശേഖരണവും വിവിധ നാഡീ രോഗങ്ങളും കാരണങ്ങളും |
| 10 | ഒക്ടോബർ 10 | ലോക മാനസിക ആരോഗ്യ ദിനം | മാനസികാരോഗ്യത്തിന്റെ പ്രാധാന്യം -ക്ലാസ് (കൗൺസിലർ ) |
| 11 | ഒക്ടോബർ 16 | ലോക ഭക്ഷ്യ ദിനം | ഭക്ഷ്യമേള—UP ഫുഡ് പ്ലേറ്റ് തയ്യാറാക്കൽ |
| 12 | ഒക്ടോബർ 23 | മോൾ ദിനം | ഓർമ്മപ്പെടുത്തൽ ക്ലാസ് |
| 13 | നവംബർ 14 | ലോക പ്രമേഹ ദിനം | ഗ്ലൂക്കോസ് ടെസ്റ്റ് പത്താം ക്ലാസ് |

| | | | |
|---|---|---|---|
| 14 | ഡിസംബർ 1 | ലോക എയ്ഡ്സ് ദിനം | സെമിനാർ ലൈംഗിക ശുചിത്വവും ആരോഗ്യവും |
| 15 | ഡിസംബർ 14 | ഊർജ്ജ സംരക്ഷണ ദിനം | Essay writting,Poster making |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## യുപി ഗണിതം

| കാലം | ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|---|
| ജൂൺ | അടിസ്ഥാന ഗണിതക്രിയ ഗുണനം ഉറപ്പിക്കുന്നു. | തന്നത് പ്രവർത്തനം ഗുണനം മധുരം. എല്ലാ ക്ലാസിലും ഗുണന പട്ടികൾ എത്തിക്കുകയും ജൂൺ മാസത്തിൽ തന്നെ ഒന്ന് തൊട്ട് പത്ത് വരെയുള്ള പട്ടിക ഉറപ്പിക്കുന്നു |
| ജൂലൈ | ജ്യാമിതീയ രൂപങ്ങൾ കൃത്യമായി വരയ്ക്കുന്നതിനുള്ള കഴിവ് | ജ്യാമിതീയ പാറ്റേണുകൾ പ്രദർശനം. |
| ഓഗസ്റ്റ് | ഗണിതരൂപങ്ങളുടെ നിർമ്മാണത്തിൽ | ഗണിത ശില്പശാല താല്പര്യമുള്ള |

| | | |
|---|---|---|
| | ശേഷി നേടുന്നതിന് | രക്ഷിതാക്കളെ കൂടി ഉൾപ്പെടുത്തുന്നു |
| സെപ്റ്റംബർ | കൂടുതൽ പ്രായോഗിക പ്രശ്നങ്ങൾ പരിചയപ്പെടുന്നതിന് | ക്വിസ് മത്സരങ്ങൾ |
| ഒക്ടോബർ | വിവിധ ഗണിതതന്ത്രങ്ങളും പഠന ഉപകരണങ്ങളും പരിചയപ്പെടുത്തുന്നതിന് | ഗണിതശാസ്ത്ര മേള |
| നവംബർ | പുരാതന ഗണിത രീതികൾ പരിചയപ്പെടുന്നതിന് | വേദഗണിതം ശിൽപ്പശാല |
| ഡിസംബർ | ഗണിതശാസ്ത്രജ്ഞന്മാരെയും രൂപങ്ങളെയും പരിചയപ്പെടുന്നതിന് | ദേശീയ ഗണിതശാസ്ത്ര ദിനം ഗണിത മാഗസിൻ |
| ജനുവരി | പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിഗണിക്കുന്നതിന് | ഒറിഗാമി ശില്പശാല WIE ഉൾപ്പെടുത്തി |
| ഫെബ്രുവരി | പ്രായോഗിക | ബാങ്ക് |

| | | |
|---|---|---|
| | ജീവിതത്തിലെ ഗണിത പരിചയത്തിന് | സന്ദർശനം |

# ഗണിതം

| | | | |
|---|---|---|---|
| 1 | ഗണിത ക്വിസ് | ജൂൺ | ക്ലാസ് തല പ്രവർത്തനം |
| 2 | നമ്പർ ചാർട്ട് | ജൂലൈ | ക്ലാസ് തല പ്രവർത്തനം |
| 3 | ഒറിഗാമി നിർമ്മാണം | ആഗസ്റ്റ് | സ്കൂൾതല പ്രവർത്തനം |
| 4 | ഗണിതപൂക്കളം | സെപ്റ്റംബർ | സ്കൂൾതല പ്രവർത്തനം |
| 5 | വീട്ടിലെ ഗണിതം | ഒക്ടോബർ | ക്ലാസ് തല പ്രവർത്തനം |
| 6 | **FIBONACCI DAY** | നവംബർ | ക്ലാസ് തല പ്രവർത്തനം |
| 7 | **FIELD TRIP** | ഡിസംബർ | സ്കൂൾതല പ്രവർത്തനം |
| 8 | **RAMANUJAN DAY** | ജനുവരി | സ്കൂൾതല പ്രവർത്തനം |
| 9 | **SCIENCE DAY** | ഫെബ്രുവരി | സ്കൂൾതല പ്രവർത്തത |

നം

# ACADEMIC MASTER PLAN
# WORK INTEGRATED EDUCATION
2025–26

| NO | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പ്രിന്റിങ് ആൻഡ് സ്റ്റേഷനറി | വായനാദിനത്തോടനുബന്ധിച്ച് ലൈബ്രറി പുസ്തകങ്ങൾ കേടുപാട് തീർത്തു Binding ചെയ്യാൻ തീരുമാനിച്ചു | ജൂൺ 19- ജൂൺ 25 | വിദ്യാരംഗം ക്ലബ്ബ് മെമ്പേഴ്സ് | PTA and other 2000 |
| 2 | പ്രിന്റിങ് ആൻഡ് സ്റ്റേഷ | ഓഫീസിലേക്ക് ആവശ്യമായ envelopനിർ | july | WIE club members | PTA and other 500 |

| | | | | | |
|---|---|---|---|---|---|
| | നറി | മ്മിച്ചുകൊടുക്കും | | | |
| 3 | പ്രിന്റിങ് ആൻഡ് സ്റ്റേഷനറി | പരീക്ഷയോടനുബന്ധിച്ചു ഓഫീസിലേക്ക് ആവശ്യമായ ഓഫീസ് ഫയൽ നിർമ്മിച്ചു കൊടുക്കുന്നു | ഓഗസ്റ്റ് 1-8 | Maths club members | 3000 |
| 4 | ആഹാരവും കൃഷിയും | പോഷകാഹാര വിഭവങ്ങൾ ഉണ്ടാക്കി വിൽപ്പനയും പ്രദർശനവും | സെപ്റ്റംബർ 1 - 7 ദേശീയ പോഷകാഹാര വാരം | WIE CLUB | SELF |

| | | | | | |
|---|---|---|---|---|---|
| 5 | ശാസ്ത്രസാങ്കേതികമേഖല | ഡിജിറ്റൽ പ്രവർത്തനങ്ങൾ | ഒക്ടോബർ 15 ലോക വിദ്യാർത്ഥി ദിനം അബ്ദുൽ കലാം സാറിന്റെ ജന്മദിനം | WIE CLUB | School Laptops |
| 6 | ശാസ്ത്രമേള | ശാസ്ത്രമേള മത്സരയിനങ്ങൾ തയ്യാറാക്കൽ, | നവംബർ | Selected candidates | 10000 |

| | | | | | |
|---|---|---|---|---|---|
| | | കുട്ടികൾക്ക് പ്രാക്ടീസ് | | | |
| 7 | Plumbing | പ്ലംബിങ് ചെയ്യാൻ അറിയുന്ന ആളെ വിളിച്ച് വൺഡേ വർഷോപ്പ് നടത്താമെന്നു തീരുമാനിച്ചു | ഡിസംബർ 2 ദേശീയ മലിനീകരണ ദിനം | പ്ലംബിംഗ് മേഖല തിരഞ്ഞെടുത്ത കുട്ടികൾക്കും താല്പര്യമുള്ള കുട്ടികൾക്കും | PTA & Staff 2000 |
| 8 | വസ്ത്രം | വസ്ത്രം അളവെടുത്ത് സ്വന്തമായി തയ്ക്കാൻ പഠിപ്പിക്കു | ജനുവരി | WIE CLUB | Machines & materials |

| | | | | | |
|---|---|---|---|---|---|
| | | ന്നു | | | |
| 9 | Any Catogory | Innovative ideas of students | ലോകചിന്താദിനം | WIE CLUB | Self |
| 10 | All category | Evaluation and vecation activities | March | WIE CLUB | Self |